ഡി4-60288/17

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്, തിരുവനന്തപുരം,14
Email:apccf-admn.for @kerala.gov.in
Phone"(0)0471-2338491
Fax:0471-2338491

തീയതി: 26.12.2017.

## സർക്കുലർ നമ്പർ 18/17

വിഷയം:- വനം-വന്യജീവി വകുപ്പ് - അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ സർവ്വീസ് ആനുകൂല്യങ്ങൾ വകുപ്പ് മുഖേന കൈപ്പറ്റുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 28.11.2017-ലെ എഫ്3/341/2017/വനം നമ്പർ കത്ത്.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഗസറ്റഡ് ആയി ഉയർത്തിയതിനുശേഷവും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ശമ്പളവും മറ്റ് അലവൻസുകളും അക്കൗണ്ടന്റ് ജനറലിന്റെ അനുമതികൂടാതെ അനധികൃതമായി വകുപ്പുമുഖേന കൈപ്പറ്റുന്നതായി സർവ്വീസ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നതായി സർക്കാരിന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് നൽകിയിട്ടുള്ളതായി സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

നിയമാനുസൃതമായി ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം, പെൻഷൻ, തുടങ്ങി മറ്റാനുകൂല്യങ്ങളെല്ലാം അക്കൗണ്ടന്റ് ജനറലിന്റെ അനുമതിക്ക് വിധേയമായാണ് അനുവദിക്കേണ്ടത് എന്നിരിക്കേ, ഗസറ്റഡ് വിഭാഗം ജീവനക്കാർ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ സർവ്വീസ് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ശരിയായ കീഴ്വഴക്കമല്ല. ഈ സാഹചര്യത്തിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടികാട്ടിയ വസ്തുത ഗൗരവപരമായി വീക്ഷിക്കേണ്ടുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാരുടെ ശമ്പളമോ, മറ്റ് ആനുകൂല്യങ്ങളോ നൽകുന്നത് തെറ്റായ നടപടിക്രമമായതിനാൽ മേലിൽ ഇത്തരം നടപടി ആവർത്തിക്കരുതെന്ന് ഇതിനാൽ കർശനമായി നിഷ്കർഷിക്കുന്നു. ആയതിന് വിപരീതമായി ചട്ടപ്രകാരമല്ലാതെ ഇത്തരത്തിൽ ശമ്പള, ഇതര ആനുകൂല്യങ്ങൾ വിതരണം ചെയ്താൽ ആയതിന് ബന്ധപ്പെട്ട ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർ മാത്രം ഉത്തരവാദിയായിരിക്കുന്നതും ടിയാളുടെ പേരിൽ കർശന അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുൾപ്പടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

D:\Preetha 17\D\D4-60288-17 dt 13.12.17.doc